'ഭരണഭാഷ - മാതൃഭാഷ'
**വ്യാവസായിക പരിശീലനവകുപ്പ്**
(കേരളസംസ്ഥാനം)
ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(നിലവിൽ: അനിൽകുമാർ.സി.എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ തസ്തികകളിൽ സ്ഥലം മാറ്റം/തസ്തിക മാറ്റം അനുവദിച്ചും, ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

പരാമർശം:- 1. 27.10.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. തിരുവാർപ്പ് ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 02.11.2020 തീയതിയിലെ T1/958/2015 നമ്പർ കത്ത്.
3. കുഴൽമന്ദം ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 30.10.2020 തീയതിയിലെ B/302/2020 നമ്പർ കത്ത്

**ഉത്തരവ് നമ്പർ: DT/5579/2019-A9 തീയതി: 06/01/2021**

വിവിധ സ്ഥാപനങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ സേവനത്തിലുള്ള ജീവനക്കാർക്ക് പരാമർശം (1) പ്രകാരം സ്ഥലം മാറ്റം/ തസ്തിക മാറ്റം അനുവദിച്ചിരുന്നു. ടി ഉത്തരവിൽ, തസ്തിക മാറ്റം അനുവദിച്ചതിലെ അപാകത പരിഹരിക്കുന്നതിനും , സീനിയോറിറ്റി പരിഗണിച്ച് തസ്തികമാറ്റം അനുവദിക്കുന്നതിനുമായി തിരുവാർപ്പ് ഐ.ടി.ഐയിലെ വാച്ച്മാനായ ശ്രീ.നന്ദുകൃഷ്ണ.യു പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടിയാൻ 2020-21 അധ്യയന വർഷം ഐ.ടി.ഐ.കോഴ്സ് പഠിക്കുന്നതിനായി ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരിക്കുന്നതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കുന്നില്ല.

കൂടാതെ, 2019-20 അധ്യയന വർഷം പഠനാവശ്യത്തിനായി ശൂന്യവേതന അവധിയിലായിരുന്നതും മാതൃജില്ലയിൽ ഒഴിവുകൾ നിലവിലില്ലാതിരുന്നതിനാൽ സമീപ ജില്ലയിൽ പുനഃപ്രവേശിപ്പിച്ചതുമായ ശ്രീ.മുകേഷ്.എസ്, വാച്ച്മാൻ, ഐ.ടി.ഐ(വ) കോഴിക്കോട്-ന് പരാമർശം (1) പ്രകാരം മാതൃജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ച് കുഴൽമന്ദം ഐ.ടി.ഐയിൽ നിയമിച്ചിരുന്നു. എന്നാൽ, ടി സ്ഥാപനത്തിൽ വാച്ച്മാൻ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവ് ജില്ലാ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തതായി പരാമർശം (3) പ്രകാരം പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ.മുകേഷ്. എസ് ന് അനുവദിച്ച സ്ഥലം മാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

മലമ്പുഴ ഐ.ടി.ഐയിലെ വാച്ച്മാൻ ശ്രീ.കിരൺകുമാർ.ആർ.എസ് ന് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ചത് മുഖേന പാലക്കാട് ജില്ലയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. മേൽ സാഹചര്യത്തിൽ **ശ്രീ.മുകേഷ്.എസ്, വാച്ച്മാൻ, ഐ.ടി.ഐ(വ) കോഴിക്കോട് ന് മാതൃ ജില്ലയിലേക്ക് സ്ഥലം മാറ്റം അനുവദിച്ച്, മലമ്പുഴ ഐ.ടി.ഐ യിൽ നിയമിച്ച് ഉത്തരവാകുന്നു.**

ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ സ്ഥലം മാറ്റം/തസ്തികമാറ്റം ലഭിക്കുന്നതിനായി ചുവടെ ചേർക്കുന്ന ജീവനക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . ടി ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിലും, ഒഴിവുകളുടെ അടിസ്ഥാനത്തിലും സ്ഥലം മാറ്റം / തസ്തിക മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് /തസ്തിക/സ്ഥാപനം | സ്ഥലം മാറ്റം/ തസ്തിക മാറ്റം ആവശ്യപ്പെടുന്ന സ്ഥാപനം | സ്ഥലം മാറ്റം/ തസ്തിക അനുവദിക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | ശ്രീജകുമാരി.ഐ<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.ടി.ഐ(വ)<br>പാറശ്ശാല | ട്രെയിനിംഗ്<br>ഡയറക്ടറേറ്റ് | ട്രെയിനിംഗ്<br>ഡയറക്ടറേറ്റ് | സ്ഥലം മാറ്റം<br>അനുവദിക്കുന്നു. |
| 2. | ഷിനിമോൾ.കെ.സി<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.ടി.ഐ.ചാക്ക | 1.ഐ.ടി.ഐ(വ)<br>കഴക്കൂട്ടം<br>2.ഐ.ടി.ഐ<br>ആറ്റിങ്ങൽ | ഐ.ടി.ഐ.<br>ആറ്റിങ്ങൽ | സ്ഥലം മാറ്റം<br>അനുവദിക്കുന്നു. |
| 3. | നോബി.കെ.ബി<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.ടി.ഐ.മാള | ഐ.ടി.ഐ ചാലക്കുടി | | സ്ഥലം മാറ്റം<br>അനുവദിക്കുന്നില്ല. |
| 4. | ഷിനോജ്.എൻ.എച്ച്<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.ടി.ഐ.എറിയാട് | ഐ.ടി.ഐ ചാലക്കുടി | ഐ.ടി.ഐ.<br>ചാലക്കുടി | അപേക്ഷ സമർപ്പിച്ച<br>ജീവനക്കാരിൽ<br>സീനിയറായ<br>ജീവനക്കാരന് സ്ഥലം<br>മാറ്റം അനുവദിക്കുന്നു. |
| 5. | സിനി.സി.കെ<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.ടി.ഐ മാള | 1.ഐ.ടി.ഐ എറിയാട്<br>2.ഐ.ടി.ഐ.മണലൂർ | ഐ.ടി.ഐ.<br>എറിയാട് | സ്ഥലം മാറ്റം<br>അനുവദിക്കുന്നു. |
| 6. | ജയേഷ്.ആർ<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.ടി.ഐ.മലമ്പുഴ | ഐ.ടി.ഐ.പെരുമാട്ടി | ഐ.ടി.ഐ.<br>പെരുമാട്ടി | സ്ഥലം മാറ്റം<br>അനുവദിക്കുന്നു. |
| 7 | നിധിൻ ജോർജ്<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.ടി.ഐ.പേരാവൂർ | ആർ.ഐ.സി കണ്ണൂർ | ആർ.ഐ.സി<br>കണ്ണൂർ | സ്ഥലം മാറ്റം<br>അനുവദിക്കുന്നു. |
| 8 | അരുൺ.യു.പി<br>വാച്ച്മാൻ,<br>ഐ.ടി.ഐ.<br>ചന്ദനത്തോപ്പ് | ഐ.ടി.ഐ.<br>ചന്ദനത്തോപ്പ്<br>(തസ്തിക മാറ്റം) | ഐ.ടി.ഐ.<br>ചന്ദനത്തോപ്പ് | തസ്തിക മാറ്റം<br>അനുവദിക്കുന്നു.<br>(ഓഫീസ് അറ്റൻഡന്റ്) |
| 9. | ജോസഫ് സേവ്യർ<br>വാച്ച്മാൻ<br>ഐ.ടി.ഐ.മണീട് | ഐ.ടി.ഐ.മണീട്<br>(തസ്തിക മാറ്റം) | ഐ.ടി.ഐ.<br>മണീട് | തസ്തിക മാറ്റം<br>അനുവദിക്കുന്നു.<br>(ഓഫീസ് അറ്റൻഡന്റ്) |
| 10. | അജേഷ്.കെ<br>വാച്ച്മാൻ<br>ഐ.ടി.ഐ.കണ്ണൂർ | ഐ.ടി.ഐ.കണ്ണൂർ<br>(തസ്തിക മാറ്റം) | ഐ.ടി.ഐ.<br>കണ്ണൂർ | അപേക്ഷ സമർപ്പിച്ച<br>ജീവനക്കാരിൽ<br>സീനിയറായ<br>ജീവനക്കാരന് തസ്തിക<br>മാറ്റം അനുവദിക്കുന്നു.<br>(ഓഫീസ് അറ്റൻഡന്റ്) |
| 11. | നിധിൻ.സി.എച്ച്<br>വാച്ച്മാൻ<br>ഐ.ടി.ഐ.കണ്ണൂർ | ഐ.ടി.ഐ.കണ്ണൂർ<br>(തസ്തിക മാറ്റം) | | ഒഴിവില്ലാത്തതിനാൽ<br>തസ്തിക മാറ്റം<br>അനുവദിക്കുന്നില്ല. |

മേൽ പ്രകാരം സ്ഥലം മാറ്റം/തസ്തിക മാറ്റം അനുവദിച്ച ജീവനക്കാരെ അതാത് സ്ഥാപനമേധാവികൾ വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്തതും, സേവനത്തിൽ പ്രവേശിപ്പിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. സ്ഥലം മാറ്റം/തസ്തിക മാറ്റം അനുവദിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ജോയിനിംഗ് ടൈം /ടി എ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

File No.DT/5579/2019-A9

SC/ST പ്രത്യേക നിയമനത്തിനായി റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവുകൾ ഒഴികെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ **(ആലപ്പുഴ ജില്ല ഒഴികെ)** ജില്ലാ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ആലപ്പുഴ ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. **ഐ.ടി.ഐ.ചന്ദനത്തോപ്പ്, ഐ.ടി.ഐ മണീട് എന്നീ സ്ഥാപനങ്ങളിൽ, തസ്തിക മാറ്റം മുഖേനെ വാച്ച്മാൻ തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിലും, രാജാക്കാട് ഐ.ടി.ഐയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലും ഈ കാര്യാലയത്തിൽ നിന്ന് നിയമനം നടത്തുന്നതാണ്.**

**(ഒപ്പ്)**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**<u>സ്വീകർത്താവ് :-</u>**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
(സ്ഥാപനമേധാവി മുഖേന)

**<u>പകർപ്പ്:-</u>**

1. ബന്ധപ്പെട്ട സ്ഥാപന മേലധികാരികൾ
2. എസ്.എസ് (എ/ബി)
3. വകുപ്പ് വെബ്സൈറ്റ്
4. സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//
Dyo M.R
ജൂനിയർ സൂപ്രണ്ട്